# ഗരുഡമാളിക

സുനിൽ പരമേശ്വരൻ



ഭൗതികശാസ്ത്രത്തിന്റെ യുക്തികൊണ്ട് അളക്കാൻ പറ്റാത്ത ഒരു ലോകം വരച്ചിടുകയാണ് ഗരുഡമാളിക. ഒരു മാന്ത്രിക പരിവേഷത്തിന്റെ ശക്തി ജീവിതത്തിന്റെ നെടുങ്കൻ സ്വപ്നങ്ങളെ തകർത്തുകളയുകയാണ് ഈ നോവൽ. വാസ്തവത്തിലേക്ക്, സത്യത്തിലേക്ക് പാലം പണിയാൻ മനുഷ്യശരീരത്തിന്റെ ചില രഹസ്യരേഖകളിലൂടെ സഞ്ചരിക്കുകയാണ് നോവലിസ്റ്റ്. യഥാർത്ഥ ഭക്തിയ്ക്കും സാധനയ്ക്കും സ്വായത്തമാക്കാനാവാത്ത ശക്തികളൊന്നുമില്ലെന്ന് ഈ നോവലിസ്റ്റ് ഏതോ ജന്മപുണ്യംകൊണ്ട് അറിഞ്ഞിട്ടുണ്ട്. ഇത് ജന്മത്തിന്റെ മാത്രമല്ല, പുനർജന്മത്തിന്റെയും ആഖ്യായികയാണ്. ജീവികുലത്തിലെ ഒരു ജീവിമാത്രമായ മനുഷ്യൻ കണ്ണുകീറുന്ന വെളിച്ചംകൊണ്ട് തന്നെത്തന്നെ കാണുമ്പോഴുള്ള അപരിചിതത്വവും നിർമ്മമതയും ചേർന്ന് അക്ഷരങ്ങളിലൂടെ ഭയവും ശാന്തിയും ഭക്തിയുമുണർത്തുന്ന നോവൽ.

ISBN 978-81-226-0691-1
9 788122 606911

കറന്റ് ബുക്സ് തൃശൂർ
വിതരണം
കോസ്മോബുക്സ്
തൃശൂർ ■ കൊച്ചി ■ കോഴിക്കോട്
വില നൂറ്റി മുപ്പത്തഞ്ച് രൂപ

മാന്ത്രികനോവൽ

# ഗരുഡമാളിക

സുനിൽ പരമേശ്വരൻ



8M3 SUN/G
CASMTKM BK
403

8M3 SUN/G
CASMTKM BK
403

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 403 Call No.

This book should be returned on or before the date last given below.

| | |
|---|---|
| 14-033 | 15-028 |
| 2 5 OCT 2015 | 2 7 OCT 2016 |
| 15-007 | 17-17 |
| 2 7 NOV 2015 | 2 8 MAY 2018 |
| 15-007 | 17-08 |
| 1 2 DEC 2015 | 1 0 JAN 2019 |
| 15-007 | 18-49 |
| 2 3 DEC 2015 | 2 7 AUG 2019 |
| 15-007 | 4-4-2022 |
| 2 JAN 2016 | 29/9/2023 |
| 15-007 | |
| 2 0 JAN 2016 | |
| 15-009 | |
| 1 4 MAR 2016 | |
| 15-006 | |
| 2 0 APR 2016 | |
| 15-016 | |
| 1 5 JUL 2016 | |

Malayalam
**Garudamalika**
Horrer Novel by
**Sunil Parameswaran**
First Impression: January 2011
Cover Design: Arrowmark
© Reserved
Price ₹ 135-00
Printed at
Ebenezer Offset Printers Thrissur
Publishers
**Current Books Thrissur- 680 001 Keralam**
e-mail: currentbooksthrissur@gmail.com
Distribution
**CosmoBooks**
Thrissur, Kochi, Kozhikode
Fax:0487-2335642
email: cosmobooks@asianetindia.com
**ISBN 978-81-226-0691-1**

All rights reserved. This work may not be translated or copied in whole or in part without the written permission of the publisher, except for brief excerpts in connection with reviews or scholarly analysis.
1553 CBT 2011-6-1000

# ഗരുഡമാളിക

**സുനിൽ പരമേശ്വരൻ**

കറന്റ് ബുക്സ് തൃശൂർ

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

## സുനിൽ പരമേശ്വരൻ

1962 ഡിസംബർ 23-ന് തിരുവനന്തപുരത്ത് ജനനം.
അച്ഛൻ : കെ. പരമേശ്വരൻ നായർ.
അമ്മ : സരസ്വതി അമ്മ.
തിരുവനന്തപുരം മോഡൽ ഹൈസ്കൂളിലും എം.ജി. കോളേജിലുമായി വിദ്യാഭ്യാസം.
പ്രൊഫഷണൽ നാടക രംഗത്ത് പതിനഞ്ചോളം നാടകങ്ങളെഴുതി. കന്നട സിനിമയിൽ അഞ്ച് ചിത്രങ്ങൾക്ക് കഥയും തിരക്കഥയും സംഭാഷണവുമെഴുതി. രണ്ട് ചിത്രങ്ങളുടെ നിർമ്മാതാവായി. 'അനന്തഭദ്ര' മാണ് ആദ്യത്തെ നോവലും സിനിമയും. 'അനന്തഭദ്ര' ത്തിന് 2004 ലെ ജനപ്രിയ നോവൽ അവാർഡും, ജേസി ഫൗണ്ടേഷൻ അവാർഡും, ഭീമാ ജന്മ ശതാബ്ദി പുരസ്കാരവും ലഭിച്ചു. 'അനന്തഭദ്രം' ഇന്ത്യയിലെ വിവിധ ഭാഷകളിലും ജർമൻ ഭാഷയിലും മൊഴിമാറ്റി പ്രദർശിപ്പിച്ചു. ചലച്ചിത്രത്തിന് അഞ്ച് കേരള സ്റ്റേറ്റ് അവാർഡും എട്ട് ക്രിട്ടിക്സ് അവാർഡും വിവിധ ടെലിവിഷൻ ചാനൽ അവാർഡുകളും ലഭിച്ചു. 2010 ൽ പ്രശസ്ത മാന്ത്രിക തറവാടായ സൂര്യകാലടിമനയിലെ മാന്ത്രികൻ സൂര്യൻ സുബ്രഹ്മണ്യൻ ഭട്ടതിരിപ്പാടിൽ നിന്നും ചാമുണ്ഡേശ്വരി മന്ത്രദീക്ഷ സ്വീകരിച്ച് ദേവീ ഉപാസകനായി.

## ആമുഖം

ഋഷികേശിൽ നിന്ന് മടക്കയാത്രയുടെ അവസാനദിവസം. പരിപാവനമായ ഗംഗാനദിയെ കൺകുളിർക്കെ നോക്കിക്കണ്ട് ഒരിക്കൽക്കൂടി മുങ്ങിക്കുളിച്ച് നനഞ്ഞ ശരീരവുമായി അങ്ങനെ നിന്നു.

അപ്പോൾ, ഈ ജന്മം പൂർണമാകുന്നു എന്ന തോന്നലുണ്ടായി. ചെയ്തുപോയ പാപങ്ങൾ. അറിഞ്ഞും അറിയാതെയും ചെയ്തുകൂട്ടിയ തെറ്റുകൾ. ശരികളില്ലാത്ത സിംഹാസനത്തിൽ ഞാനിരിക്കുന്നു. ഞാനെന്ന നശിക്കുന്ന ശരീരം. ആ ശരീരത്തിൽ നിന്ന് മുജ്ജന്മ പാപങ്ങൾ ഒക്കെ ഒഴുകിപ്പോയിരിക്കുന്നു. തണുപ്പിനെ ഇരുട്ട് കരിമ്പടം കൊണ്ട് മൂടിപ്പിക്കുന്നു. പ്രകൃതി എന്നിട്ടും ചുവന്നുകിടക്കുന്നു. ശിവാനന്ദാശ്രമത്തിൽ മണിമുഴങ്ങുന്നു.

ഗംഗ ശാന്തമായി ഒഴുകുന്നു. ദുരന്തങ്ങൾ നെഞ്ചിലേറ്റി അടിയൊഴുക്കോടെ ഒഴുകിക്കൊണ്ടിരിക്കുന്നു. പ്രപഞ്ചം മനുഷ്യനെ സൃഷ്ടിക്കുന്നു. മനുഷ്യൻ തന്റെ ചിന്തകൾക്ക് അനുസരിച്ച് മതിൽക്കെട്ടുകൾ സൃഷ്ടിക്കുന്നു. സ്നേഹത്തിന്റെ – വിദ്വേഷത്തിന്റെ – പ്രണയത്തിന്റെ- ധനത്തിന്റെ ഏതുനിമിഷവും ഇടിഞ്ഞുവീഴുന്ന മതിൽക്കെട്ടുകൾ. മൃത്യുവിന്റെ മാറിലേക്ക് എല്ലാം മറന്നുകിടക്കാൻ വിധിക്കപ്പെട്ടവർ. മരണം എന്ന ശാശ്വത സത്യം മറന്ന്. ആഗ്രഹങ്ങൾ ബാക്കിവച്ച് കിടക്കുമ്പോൾ മൃത്യുതന്നെ ഈ ജന്മത്തിലെ പാപം ഗണിച്ചെടുത്ത് പുനർജന്മം തരും. മുദ്രയില്ലാത്ത ബാക്കിപത്രമായി. ആകാശത്ത് വൃത്തത്തിൽ വിളക്കുകൾ കണ്ടു. അതും പ്രപഞ്ചം തന്ന ശിക്ഷ.

ശിവാനന്ദാശ്രമത്തിന്റെ പിന്നിലെ പടികൾ കയറുമ്പോൾ മനസ്സിൽ ചിറകുവീശി വരുന്ന ഒരു ഗരുഡനെ കാണുന്നു. കരുത്തനായ ഗരുഡന്റെ കണ്ണിൽ ചോരക്കറ കാണുന്നു. അത് ഗംഗയുടെ മടിത്തട്ടിലേക്ക് വീണ് അടിത്തട്ടിലേക്ക് ഉറയുന്നു.

ചിന്തകൾ ഉദിക്കുന്നു- അസ്തമിക്കാൻ മാത്രമായി.

ഗരുഡമാളിക- ആ ചിന്തകളിൽ നിന്ന് രൂപം കൊള്ളുന്നു.

ഗംഗയുടെ തീരത്തുനിന്ന്- ഒരു യാത്രയാണ് പിന്നെ. അവസാനമില്ലാത്ത യാത്ര.

അറിയാത്ത – നടന്നുതീരാത്ത വഴികളിലൂടെ ആ യാത്ര ചെന്ന് എത്തിയത് ഗരുഡമാളികയിലാണ്. നിഗൂഢതകൾ നിറഞ്ഞുകിടക്കുന്ന ഈ ഗരുഡമാളികയിൽ.